പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1111 — 05.03.2018-ൽ മറുപടിക്ക്

## പൊതു ആവശ്യങ്ങൾക്കായി നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയതു ക്രമപ്പെടുത്തുന്നതിന് അനുമതി നൽകാനുള്ള പ്രദേശിക ഭരണകൂടങ്ങളുടെ അധികാരം മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയത് ക്രമപ്പെടുത്താൻ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥയില്ല. ആയതിനാൽ പ്രാദേശിക നിരീക്ഷണ സമിതിയുടെ അധികാരത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്താനുള്ള ഇളവ് സർക്കാർ പദ്ധതികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് എന്നിവ പ്രകാരം പൊതു ആവശ്യങ്ങൾക്കായി നെൽവയൽ നികത്താനുള്ള ഇളവ് കേന്ദ്ര -സംസ്ഥാന സർക്കാരുകൾ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികൾക്കും, പ്രോജക്ടുകൾക്കും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികൾക്കും പ്രോജക്ടുകൾക്കും ബാധക മാണ്. |
| (സി) | ഇത് സംബന്ധിച്ച് റവന്യൂ / തദ്ദേശ വകുപ്പുകൾ സംയുക്തമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി | ഇല്ല. |

സെക്ഷൻ ഓഫീസർ